പ്പെട്ട പ്രശ്നമാണ് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുന്നത്. അവിടെ വോൾട്ടേജ് ക്ഷാമം വ്യാപകമായി ഉണ്ടാകുന്നുവെന്ന് മാത്രമല്ല നിരന്തരമായി വൈദ്യുതി തടസ്സം കൊയിലാണ്ടി പട്ടണത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. അധികദിവസവും ഇരുട്ടിലാകുന്ന ഒരു സ്ഥിതിവിശേഷം വർഷങ്ങളായിട്ട് അവിടെ തുടരുകയാണ്. തൊട്ടടുത്തുള്ള കണ്ണൂർ സബ് സ്റ്റേഷനിൽ നിന്ന് മേപ്പയൂർ വരെയുള്ള ലൈൻ എവിടെയെങ്കിലും തടഞ്ഞാൽ മതി വൈദ്യുതി തടസ്സം നേരിടും. ആഴ്ചയിൽ അഞ്ചോ ആറോ ദിവസം മണിക്കൂറോളം കൊയിലാണ്ടി പട്ടണത്തെ ഇരുട്ടിലാക്കുന്നു. അതിന്റെ ഫലമായി ആയിരക്കണക്കിന് കച്ചവടക്കാരും ജനങ്ങളും വളരെയധികം ദുരിതം അനുഭവിക്കുകയാണ്. ഈ പ്രശ്നത്തിന് ഒരു പരിഹാരം കാണാൻ ബഹുമാനപ്പെട്ട മന്ത്രി മുൻകൈയെടുത്ത് വോൾട്ടേജ് ക്ഷാമത്തിന് പരിഹാരം കാണണമെന്ന് അഭ്യർത്ഥിക്കുന്നു.

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) : സർ, കൊയിലാണ്ടി മുനിസിപ്പൽ പ്രദേശത്തെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് വിതരണ വിഭാഗത്തിൽ വിവിധ പ്രവർത്തനങ്ങൾ ചെയ്യുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. കരിവട്ടൂർ ഏരിയായിൽ 100 കെ.വി. ട്രാൻസ്ഫോർമർ സ്ഥാപിക്കുക, മൂകാമ്പിപ്പള്ളി റോഡിൽ 100 കെ.വി. ട്രാൻസ്ഫോർമർ സ്ഥാപിക്കുക, നെല്ലിയാടിക്കടവ്-കോടക്കാട് റോഡ് 100 കെ.വി. ട്രാൻസ്ഫോർമർ സ്ഥാപിക്കുക, അന്ത്രോളിമുക്ക്-പെരുവട്ടൂർ, അതുപോലെ തെക്കിൻഭാഗം വിരിയൂർ, തമ്മലത്താഴ്-നെല്ലിയാട് റോഡ്, തഴെയങ്ങാടി റോഡ്, കൊല്ലം തറപ്പള്ളി, കൊല്ലം ബീച്ച്, 14-ാം വാർഡ് കൊയിലാണ്ടി മുനിസിപ്പാലിറ്റി, കണയംകോട് ട്രാൻസ്ഫോർമറിന്റെ ശേഷി വർദ്ധിപ്പിക്കൽ മണവൽജ്യോതി 100 കെ.വി. ട്രാൻസ്ഫോർമർ സ്ഥാപിക്കൽ, നല്ലോഴിക്കാവ് 100 കെ.വി. യുടെ ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നത് ഉൾപ്പെടെ വിവിധ പ്രവൃത്തികൾ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി അവിടെ ഇതിനകം ചെയ്തുവരുന്നുണ്ട്. ഈ പറഞ്ഞ ജോലികൾ കൂടാതെ കൊയിലാണ്ടി മുനിസിപ്പാലിറ്റിയിലെ സബ് സ്റ്റേഷനിൽ നിന്ന് പിറവങ്ങാട് വരെ 3 കിലോമീറ്റർ 300 സ്കയർ മീറ്റർ ഭൂഗർഭ കേബിൾ ഇടാനും നന്നൽ മുതൽ പന്തലായനി ട്രാൻസ്ഫോർമർ വരെയുള്ള രണ്ട് കിലോമീറ്റർ നീളത്തിൽ 11 കെ.വി. ഓവർ ഹെഡ് ലൈൻ വലിച്ചും ഇന്റർലിങ്ക് ചെയ്യാനും നിർദ്ദേശം കൊടുത്തിട്ടുണ്ട്. അത് കൂടാതെ ഇപ്പോൾ നിലവിലുള്ള കൊയിലാണ്ടി സബ് സ്റ്റേഷൻ ആർ.ഇ.സി. യുടെ സഹായത്തോടുകൂടി പുതിയ 16 എം.വി.എ. 110/33 കെ.വി. ട്രാൻസ്ഫോർമർ സ്ഥാപിച്ച് അത് 33 കെ.വി. ലൈൻ ഫീഡർ വലിക്കാനും ഉദ്ദേശിച്ചിട്ടുണ്ട്. ഈ പണികൾ പൂർത്തിയാകുന്നതോടെ ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ച വോൾട്ടേജ് ക്ഷാമത്തിന്റെ പ്രശ്നം പരിഹരിക്കപ്പെടുന്നതിന് സാദ്ധ്യമാകുന്നതാണ്.

(13) റബ്ബറിന്റെ തറവില പുതുക്കി നിശ്ചയിക്കുവാൻ കേന്ദ്ര ഗവണ്മെന്റിൽ സമ്മർദ്ദം ചെലുത്തേണ്ടതു സംബന്ധിച്ച്

ശ്രീ. പി.സി. ജോർജ് : സർ, കേരളത്തിലെ 9 ലക്ഷത്തോളം റബ്ബർ കൃഷിക്കാരുടെയും ആ റബ്ബർ കൃഷിയോട് അനുബന്ധിച്ച് ജീവിക്കുന്ന 30 ലക്ഷത്തോളം വരുന്ന ജനങ്ങളുടേയും നീറുന്ന പ്രശ്നം പല പ്രാവശ്യം ഈ സഭയിൽ ചർച്ചചെയ്തിട്ടുണ്ട്. ഇപ്പോൾ ഞാൻ മനസ്സിലാക്കിയിടത്തോളം ഇടതുപക്ഷജനാധിപത്യമുന്നണി ഗവണ്മെന്റ് കൃഷിക്കാരോട് ചെയ്യാവുന്ന മാന്യമായ നടപടികൾ ഒരു പരിധിവരെ ചെയ്തിട്ടുണ്ടെന്ന അഭിപ്രായമാണ് എനി

LIBRARY ARCHIVES Kerala Legislative Assembly

ക്കുള്ളത്. പക്ഷേ, ചില പ്രത്യേകത, റബ്ബർ കൃഷിക്കാരുടെ യഥാർത്ഥ പ്രശ്നങ്ങളിലേക്ക് കടക്കാതെ അവരുടെ പേരിൽ മുതലക്കണ്ണീരൊഴുക്കിക്കൊണ്ട് അവരുടെ പിന്തുണ പിടിച്ചു പറ്റുക എന്ന ദുഷ്ടലാക്കോടുകൂടി കേരളത്തിലെ ചില രാഷ്ട്രീയ നേതാക്കൾ നടത്തുന്ന പ്രവർത്തനങ്ങളാണ് ഇന്ന് കൃഷിക്കാരുടെ ബുദ്ധിമുട്ടിന് പ്രധാന കാരണമെന്നാണ് എന്റെ അഭിപ്രായം. യഥാർത്ഥ പ്രശ്നം എന്താണ്? ഇൻഡ്യയിൽ കാർഷിക ഉല്പന്നങ്ങൾക്ക് തറവില പ്രഖ്യാപിക്കാറുണ്ട്. റബ്ബറിന് മാത്രം ബഞ്ച് മാർക്ക് പ്രൈസാണ് പ്രഖ്യാപിക്കുന്നത്. റബ്ബറിന് മാത്രമുള്ള ഒരു ഗതിയാണിത്. മറ്റ് മുഴുവൻ കാർഷിക ഉല്പന്നങ്ങൾക്കും കേന്ദ്ര ഗവണ്മെന്റ് മിനിമം സപ്പോർട്ട് പ്രൈസാണ് പ്രഖ്യാപിക്കുന്നത്. മിനിമം സപ്പോർട്ട് പ്രൈസ് പ്രഖ്യാപിക്കുന്നു എന്നു പറഞ്ഞാൽ പ്രഖ്യാപിത വിലയിൽ നിന്നും കുറഞ്ഞ വില കാർഷിക ഉൽപ്പന്നത്തിന് ഉണ്ടായാൽ ആ നിമിഷം തന്നെ കേന്ദ്ര ഗവണ്മെന്റ് പ്രഖ്യാപിച്ച വിലകൊടുത്തുകൊണ്ട് കൃഷിക്കാരിൽ നിന്ന് ഉൽപ്പന്നങ്ങൾ വാങ്ങും. ആ വില ഈ രാജ്യത്തെ കൃഷിക്കാരന് കിട്ടാനുള്ള സാഹചര്യം ഉണ്ടാകണം. റബ്ബറിന് വന്നിരിക്കുന്നത് എന്താണ്? റബ്ബറിന് ബഞ്ച് മാർക്ക് പ്രൈസ്സായ 34.5 രൂപയാണ് പ്രഖ്യാപിച്ചിരിക്കുന്നത്. ആ 34.5 രൂപയിൽ ഇന്ന് ഇപ്പോൾ 28 രൂപ വിലമതിക്കുകയാണ്. പക്ഷേ മിനിമം സപ്പോർട്ട് പ്രൈസ് ആയിരുന്നെങ്കിൽ ഈ 34.5 രൂപ വെച്ച് റബ്ബർ വാങ്ങാൻ കേന്ദ്ര ഗവണ്മെന്റിന് നിയമപരമായ ബാധ്യത ഉണ്ടാകുമായിരുന്നു. മിനിമം സപ്പോർട്ട് പ്രൈസ് പ്രഖ്യാപിച്ചതുകൊണ്ട് എന്താണ് സംഭവിച്ചിരിക്കുന്നത്. ആഭ്യന്തര വിനിയോഗത്തിനുള്ള റബ്ബർ ഒഴിച്ച് മിച്ചമുള്ള റബ്ബർ ഇവിടെ സംഭരിയ്ക്കാൻ പറഞ്ഞു. സംഭരിക്കാൻ ചുമതലപ്പെടുത്തിയത് എസ്.റ്റി.സി. യെ ആണ്. എസ്.റ്റി.സി. സംഭരിച്ചത് എത്രയാണ്? 1997 മുതൽ 2,000 ആകുന്ന ഇന്നുവരെ ആകെ 30,000 ടൺ റബ്ബർ മാത്രമാണ് സംഭരിച്ചിട്ടുള്ളത്. ആ സംഭരിച്ച റബ്ബർ എന്തു ചെയ്യുന്നു? എസ്.റ്റി.സി. സംഭരിച്ച റബ്ബർ ഇന്ത്യയ്ക്കകത്തുള്ള വ്യവസായികൾക്ക് അവർ വിൽക്കുകയാണ്. ഇത് കയറ്റുമതി ചെയ്യാൻ അവർ തയ്യാറാകുന്നില്ല. ഈ സാഹചര്യം നിലനിൽക്കുമ്പോൾ ബഞ്ച് മാർക്ക് പ്രൈസ് എന്ന ഈ നയം മാറ്റിക്കൊണ്ട് മിനിമം സപ്പോർട്ട് പ്രൈസ് പ്രഖ്യാപിക്കാൻ, ഇൻഡ്യയിലെ മറ്റു കാർഷികോൽപ്പന്നങ്ങൾക്ക് മുഴുവൻ മിനിമം സപ്പോർട്ട് പ്രൈസ് കൊണ്ട് വരണമെന്ന് പ്രഖ്യാപിക്കുമ്പോൾ റബ്ബർ കർഷകരോട് മാത്രം കേന്ദ്ര ഗവണ്മെന്റിന് എന്താണ് ഇത്ര വിരോധം. അതുകൊണ്ട് ബഞ്ച്മാർക്ക് പ്രൈസ് മാറ്റി പകരം മിനിമം സപ്പോർട്ട് പ്രൈസ് പ്രഖ്യാപിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണം. കേരളത്തിലെ മുപ്പത് ലക്ഷത്തോളം വരുന്ന ജനങ്ങളുടെ പ്രശ്നമാണിത്. ഇത് പറയാതിരിക്കാൻ നിവൃത്തിയില്ല. അതുകൊണ്ട് കേന്ദ്ര ഗവണ്മെന്റിനോട് റബ്ബറിന് മിനിമം സപ്പോർട്ട് പ്രൈസ് പ്രഖ്യാപിയ്ക്കാൻ നിർബന്ധമായും ഈ സർക്കാർ ആവശ്യപ്പെടണം എന്നാണ് എനിക്ക് പറയാനുള്ളത്. അതുപോലെ ഇവിടത്തെ ഏറ്റവും പ്രധാനപ്പെട്ട മറ്റൊരു കാര്യം ഇൻഡ്യാ രാജ്യത്ത് 75,000 ത്തോളം ടൺ റബ്ബർ സംഭരിയ്ക്കാൻ ആരെ കൊണ്ട് കഴിയും. ഇവിടെയുള്ള മന്ത്രിക്ക് പോയി സംഭരിക്കാൻ കഴിയുമോ? സംസ്ഥാന ഗവണ്മെന്റിന് ചെയ്യാൻ കഴിയുന്നത് എന്താണ്. ഇവിടെയുള്ള ഏതെങ്കിലും ഒരു ഏജൻസിയെ ചുമതലപ്പെടുത്തണം. എസ്.റ്റി.സി. യോട് റബ്ബർ സംഭരിയ്ക്കാൻ കേന്ദ്ര ഗവണ്മെന്റിൽ സമ്മർദ്ദം ചെലുത്തുന്നതോടൊപ്പം സംസ്ഥാന ഗവണ്മെന്റിന്റെ റബ്കോ രംഗത്ത് വന്നിട്ടുണ്ട്. രണ്ട് വർഷം മുമ്പ് ആരംഭിച്ച റബ്കോ ഇന്നിപ്പോൾ 15,000 ടൺ റബ്ബർ സിംഗപ്പൂരിലേയ്ക്ക് കയറ്റുമതി ചെയ്യുന്നതിനുള്ള ഓർഡർ വാങ്ങിയിരിയ്ക്കുന്നു. നമ്മുടെ സർക്കാരിന്റെ ക്യാബിനറ്റ് സബ് കമ്മിറ്റി കൂടി റബ്ബർ കയറ്റുമതി

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യാൻ തീരുമാനം എടുത്തപ്പോൾ 24 മണിക്കൂറിനകം ഗ്ലോബൽ ടെൻഡർ നൽകിക്കൊണ്ട് റബ്കോ രംഗത്തു വന്നു. 15,000 ടൺ റബ്ബർ സിംഗപ്പൂരിലേയ്ക്ക് കയറ്റുമതി ഓർഡർ വാങ്ങി. ആദ്യപടിയായി എണ്ണൂറോളം ടൺ റബ്ബർ കയറ്റി അയച്ചു കഴിഞ്ഞു. റബ്കോ ഇപ്പോഴും റബ്ബർ സംഭരിച്ചുകൊണ്ടിരിക്കുകയാണ്. 27 വർഷമായി റബ്ബർ കർഷകരുടെ സംഘടന എന്നു പറയുന്ന റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ ഉണ്ട്. അതിന്റെ പ്രസിഡന്റ് ആരാണ്, വൈസ് പ്രസിഡന്റ് ആരാണ്? അത് ഈ സഭ അറിയണം. കോൺഗ്രസ്സുകാരനായ പ്രസിഡന്റും മാണി കോൺഗ്രസ്സുകാരനായ വൈസ്പ്രസിഡന്റും. ഇത്രയും വർഷമായിട്ട് എത്ര ടൺ റബ്ബർ സംഭരിച്ചു. ഗ്ലോബൽ ടെൻടർ വിളിക്കാൻ തയ്യാറായോ? ഗവണ്മെന്റിനെ കുറ്റപ്പെടുത്തുമ്പോൾ സത്യസന്ധമായി കാര്യം പറയണ്ടേ? കേന്ദ്ര ഗവണ്മെന്റ് കൃഷിക്കാരോട് നീതി ചെയ്യാത്തതു പോലെ തന്നെ കർഷകരുടെ സംഘടനയായി നിൽക്കുന്ന മാർക്കറ്റിംഗ് ഫെഡറേഷൻ റബ്ബർ കർഷകരോട് ചെയ്തുകൊണ്ടിരിക്കുന്ന വഞ്ചനകൂടി ഈ സഭ മനസ്സിലാക്കണം. അതിനുള്ള നടപടി സ്വീകരിക്കാനും, കൃഷി മന്ത്രി തയ്യാറാകേണ്ടതുണ്ടെന്നാണ് എന്റെ അഭിപ്രായം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) : സർ, മെമ്പർ ഇവിടെ പറഞ്ഞ പ്രശ്നങ്ങളെക്കുറിച്ച് ശ്രീ. കെ.എം. മാണിയുടെ ശ്രദ്ധക്ഷണിക്കലിന് മുഖ്യമന്ത്രിയുടെ മറുപടിയിൽ ഏറെക്കുറെയൊക്കെ പറഞ്ഞതാണ്. ഇവിടത്തെ പ്രധാനപ്പെട്ട പ്രശ്നം കേരളത്തിലെ കാർഷിക ഉൽപ്പന്നങ്ങളിൽ നെല്ലിനും കൊപ്രക്കും മാത്രമാണ് സപ്പോർട്ട് പ്രൈസ് ഉള്ളത്. മറ്റ് കാർഷികോൽപ്പന്നങ്ങൾക്കൊന്നും തന്നെ കേന്ദ്ര ഗവണ്മെന്റ് ഇതുവരെ താങ്ങുവില പ്രഖ്യാപിച്ചിട്ടില്ല. ഇവിടെ ശ്രീ. പി.സി. ജോർജ് ഉന്നയിച്ചതു പോലെ റബ്ബറിന് ഇപ്പോൾ ബഞ്ച് മാർക്ക് പ്രൈസ് ആണ് നിലവിലുള്ളത്. അത് മാറ്റി താങ്ങ് വില നിശ്ചയിക്കണം എന്നാണ് കേരളത്തിലെ റബ്ബർ കർഷകരുടെ ആവശ്യം. ഈ ആവശ്യം ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ മുമ്പാകെ ചെന്നപ്പോൾ അന്ന് കേന്ദ്ര ഗവണ്മെന്റ് ഹൈക്കോടതിയെ ബോധിപ്പിച്ചത്, റബ്ബറിന് താങ്ങ് വില നിശ്ചയിക്കാൻ സാധ്യമല്ല എന്നാണ്. സംസ്ഥാന ഗവണ്മെന്റിന്റെ അഭിപ്രായം ബഞ്ച് മാർക്ക് പ്രൈസിന് പകരം താങ്ങ് വില നിശ്ചയിക്കണം എന്നുള്ളതാണ്. പുതിയ വാണിജ്യകാര്യ വകുപ്പുമന്ത്രിക്ക് സംസ്ഥാന ഗവണ്മെന്റ് നൽകിയ നിവേദനത്തിൽ കേരളത്തിലെ റബ്ബറിന് ഉൽപ്പാദനച്ചെലവുമായി ബന്ധപ്പെട്ട ന്യായമായ താങ്ങ് വില നിശ്ചയിക്കണമെന്നുള്ളതാണ് ആവശ്യപ്പെട്ടിട്ടുള്ളത്. കേന്ദ്ര ഗവണ്മെന്റ് ഉൽപ്പാദനച്ചെലവുമായി ബന്ധപ്പെട്ട താങ്ങ് വില നിശ്ചയിക്കുമ്പോൾ അതിനേക്കാൾ താഴെയാണ് മാർക്കറ്റ് വില എങ്കിൽ താങ്ങ് വിലയ്ക്ക് തന്നെ എസ്.റ്റി.സി.-യെക്കൊണ്ട് റബ്ബർ ശേഖരിക്കുന്നതിനും അത് സംരക്ഷിച്ചുവെയ്ക്കുന്നതിനും ആവശ്യമായ നടപടി കേന്ദ്ര ഗവണ്മെന്റ് സ്വീകരിക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. ഈ ആവശ്യങ്ങളുടെ അടിസ്ഥാനത്തിൽ കേന്ദ്ര വാണിജ്യകാര്യവകുപ്പ് മന്ത്രി ഈ കാര്യങ്ങളെക്കുറിച്ച് ചർച്ച ചെയ്യാം എന്ന് സമ്മതിച്ചിട്ടുണ്ട്. ചർച്ച ചെയ്യുന്നതിന് വളരെ വൈകാതെ തന്നെ തീയതി നിശ്ചയിക്കാമെന്നും അദ്ദേഹം സമ്മതിച്ചിട്ടുണ്ട്. അദ്ദേഹം ചർച്ച ചെയ്യുന്നതിന് തീയതി നിശ്ചയിച്ച് സംസ്ഥാന ഗവണ്മെന്റിനെ അറിയിച്ചാൽ കേരള ഗവണ്മെന്റിന്റെ അഭിപ്രായം വളരെ ശക്തമായി കേന്ദ്രത്തിന്റെ മുമ്പാകെ അറിയിക്കുന്നതിന് ഗവണ്മെന്റ് തയ്യാറാണ്. ബഞ്ച് മാർക്ക് പ്രൈസിന് പകരം ഉൽപ്പാദന ചെലവുമായി ബന്ധപ്പെട്ടുകൊണ്ടുള്ള താങ്ങുവില നിശ്ചയിക്കണം. ആ താങ്ങ് വിലയെക്കാൾ മാർക്കറ്റ് വില കുറവാണെങ്കിൽ താങ്ങ് വിലയ്ക്ക് തന്നെ എസ്.റ്റി.സി.-യെ കൊണ്ട് 30,000

LIBRARY ARCHIVES Kerala Legislative Assembly

ടൺ റബ്ബർ എങ്കിലും അടിയന്തിരമായി ശേഖരിയ്ക്കുന്നതിന് ആവശ്യമായ നടപടി കേന്ദ്ര ഗവണ്മെന്റ് സ്വീകരിക്കണമെന്നുള്ളതാണ്. നമ്മോട് അദ്ദേഹം ഉന്നയിച്ച മറ്റൊരു ആവശ്യം കയറ്റുമതിയെ സംബന്ധിച്ചാണ്. അതും ബഹുമാന്യനായ മുഖ്യമന്ത്രി ഇവിടെ സൂചിപ്പിച്ചതാണ്. 15,000 ടൺ റബ്ബർ റബ്കോ കയറ്റി അയയ്ക്കുന്നതിനുള്ള ഒരു കരാറിൽ എത്തിയിട്ടുണ്ട്. ഇതിനകം തന്നെ 810 മെട്രിക് ടൺ റബ്ബർ കയറ്റി അയച്ചു. വളരെ വൈകാതെ തന്നെ 15,000 ടൺ റബ്ബർ കയറ്റി അയയ്ക്കാൻ കഴിയും എന്നാണ് സംസ്ഥാന ഗവണ്മെന്റ് ഉദ്ദേശിയ്ക്കുന്നത്. അതുപോലെ തന്നെ റബ്ബർ ശേഖരിയ്ക്കുന്നതിന് റബ്കോ, മാർക്കറ്റിംഗ് ഫെഡറേഷൻ, സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ, വെയർ ഹൗസിംഗ് കോർപ്പറേഷൻ എന്നിവരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ക്യാബിനറ്റ് കമ്മിറ്റി നേരിട്ട് അത് മാസംതോറും റിവ്യൂ ചെയ്യുന്നുണ്ട്. റബ്ബർ ശേഖരിച്ച് വെയ്ക്കുന്നതിനുള്ള നടപടി ഗവണ്മെന്റ് സ്വീകരിക്കുന്നതാണ്.

(14) കേരളത്തിലെ ഫാം തൊഴിലാളികൾ നടത്തുന്ന പണിമുടക്ക്

<u>ശ്രീ. പാലോട് രവി</u> : സർ, കേരളത്തിലെ സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന കൃഷി, മണ്ണുസംരക്ഷണം, മൃഗസംരക്ഷണം, ഡയറി, ഗ്രാമവികസനം എന്നീ വകുപ്പുകളിലെ ഫാമുകളിലും കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഫാമുകളിലുമായി ഏതാണ്ട് 97,98 ഫാമുകളിൽ പണിയെടുക്കുന്ന ആയിരക്കണക്കിനു തൊഴിലാളികൾ ഇന്ന് പണിമുടക്കിയിരിക്കുയാണു. ഈ പണിമുടക്കിയിരിക്കുന്ന തൊഴിലാളികൾ നമ്മുടെ ഭരണ സിരാകേന്ദ്രമായ സെക്രട്ടറിയറ്റിനു മുമ്പിൽ ഐ.എൻ.ടി.യു.സി.യുടെയും/സി.ഐ.ടിയു.വിന്റെയും/എ.ഐ.ടി.യു.സിയുടെയും യു.ടി.യു.സി.യുടെയും സംയുക്ത ആഭിമുഖ്യത്തിൽ ഒരു മാർച്ച് സംഘടിപ്പിച്ചിരിക്കുകയാണ്. നമ്മുടെ ധനകാര്യ വകുപ്പിനു ഒരു ബ്യൂർഷ്വാ സ്വഭാവമാണുള്ളത്. പറയാതിരിക്കാൻ നിർവ്വാഹമില്ല. 1997-ൽ കേരളത്തിലെ സർക്കാർ ജീവനക്കാരുടെ ശമ്പളം പരിഷ്ക്കരിച്ച് നടപ്പിലാക്കി. ഈ ഗവൺമെന്റ് ഫാമുകളിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് ശമ്പളം പരിഷ്ക്കരിച്ചില്ല. അവരെക്കൊണ്ട് പണി ചെയ്യിപ്പിക്കുന്ന ഉദ്യോഗസ്ഥന്മാർക്ക് രണ്ടരവർഷങ്ങൾക്കുമുമ്പ് ശമ്പളം പരിഷ്ക്കരിച്ചു കൊടുത്തു. ഈ ഫാമുകളിലുള്ള പ്യൂണിനും ക്ലാസ്സ് ഫോർ ജീവനക്കാരന് രണ്ടര വർഷങ്ങൾക്കുമുമ്പ് 450 രൂപ കൂട്ടിക്കൊടുത്തു. ഈ സർക്കാർ ഫാമുകളിൽ പണിയെടുക്കുന്ന തൊഴിലാളിക്ക് ഇതുവരെയും അവരുടെ ശമ്പള പരിഷ്ക്കരണം നടപ്പിലാക്കിയിട്ടില്ല. അഗ്രികൾച്ചർ മിനിസ്റ്റർ മുൻകൈയെടുത്ത് ഒരു ശമ്പള പരിഷ്ക്കരണ സമിതിയെ ഗവൺമെന്റ് വച്ചു. ആ ശമ്പള പരിഷ്ക്കരണ സമിതി ഏകകണ്ഠമായി ഒരു റിപ്പോർട്ട് സമർപ്പിച്ചു. 1.3.97 മുതൽ മുൻകാല പ്രാബല്യത്തോടെ ശമ്പളപരിഷ്ക്കരണം അനുവദിച്ച് ഉത്തരവാകണമെന്നാണ് ആ സമിതി റിപ്പോർട്ട് സമർപ്പിച്ചത്. നാളിതുവരെ ആ റിപ്പോർട്ട് അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കാൻ സർക്കാർ തയ്യാറാക്കിയിട്ടില്ല. ഇത് ധനകാര്യവകുപ്പിൽ കിടക്കുന്നുവെന്നാണ് ഞങ്ങൾ മനസ്സിലാക്കുന്നത്. കൃഷിവകുപ്പിന് ഇത് ആദ്യം ബോധ്യം വന്നു. 50 രൂപ ഇടക്കാലാശ്വാസം കൃഷിവകുപ്പ് കൊടുത്തു രണ്ടാമത് ഇക്കഴിഞ്ഞ 6.10.99-ൽ 100 രൂപ ഇടക്കാലാശ്വാസം കൊടുത്തു. 450-ഉം 500-ഉം രൂപ കഴിഞ്ഞ 1997 മുതൽ ഓരോ തൊഴിലാളിക്കും വ്യത്യാസം വരും. ഇത്രയും ഭാരിച്ച ജീവിതപ്രയാസമുള്ള ഈ തൊഴിലാളികൾക്ക് ശമ്പള പരിഷ്ക്കരണം കഴിഞ്ഞ രണ്ടരവർഷക്കാലമായി തടഞ്ഞുവച്ചിരിക്കുന്നത് ബൂർഷ്വാ സ്വഭാവമുള്ള ഈ ധനകാര്യവകുപ്പാണ്. അത് ശരിയല്ല. ഈ ഫാമിലെ തൊഴിലാളികൾക്ക് ശമ്പളം കൊടുക്കാൻ അങ്ങ് തയ്യാറാകണം, ഗവൺമെന്റ് തയ്യാറാക

LIBRARY ARCHIVES Kerala Legislative Assembly